**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **26-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - പാലക്കാട് ദേശീയ പാതയിലെ റംപിൾ സ്ട്രിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മലപ്പുറം മുതൽ ജില്ലാ അതിർത്തിയായ പതിനൊന്നാം മൈൽ വരെ അപകടകരമാം വിധം റോഡിൽ റംപിൾ സ്ട്രിപ്പ് സ്ഥാപിച്ചതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അശാസ്ത്രീയമായ റംപിൾ സ്ട്രിപ്പ് മൂലം ആംബുലൻസ് അടക്കം അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മറ്റൊരു സ്ഥലത്തും ഇല്ലാത്ത രൂപത്തിൽ മലപ്പുറം മുതൽ രാമനാട്ടുകാര വരെ മാത്രം റംപിൾ സ്ട്രിപ്പ് സ്ഥാപിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (സി) | 12.05.2020 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം S.O.1507(E) പ്രകാരം ദേശീയപാത 966 നെ ഭാരതമാല പരിയോജനയിൽ ഉൾപ്പെടുത്തി 4/6 വരി പാതയായി വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ രാമനാട്ടുകര മുതൽ ജില്ലാ അതിർത്തിവരെ വാഹനങ്ങളുടെ അമിത വേഗതമൂലം അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലത്തെ ബ്ലാക്ക് സ്പോട്ടുകൾ ആയി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ ബ്ലാക്ക് സ്പോട്ടുകളിൽ വാഹനത്തിന്റെ വേഗത കുറച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായിട്ടാണ് റംപിൾ സ്ട്രിപ്പ് ( തെർമോ പ്ലാസ്റ്റിക് റോഡ് മാർക്കിംഗ് ഉപയോഗിച്ച്) ആ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | റംപിൾ സ്ട്രിപ്പ് പലയിടത്തും ഹമ്പ് ആയി മാറിയതിനാൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും റംപിൾ സ്ട്രിപ്പ് | (ഡി) | 12.05.2020 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം S.O.1507(E) പ്രകാരം ദേശീയപാത 966 നെ ഭാരതമാല പരിയോജനയിൽ ഉൾപ്പെടുത്തി 4/6 വരി |

| | | | |
|---|---|---|---|
| | എടുത്തുകളയുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | | പാതയായി വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ രാമനാട്ടുകര മുതൽ ജില്ലാ അതിർത്തിവരെ വാഹനങ്ങളുടെ അമിത വേഗതമൂലം അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലത്തെ ബ്ലാക്ക് സ്പോട്ടുകൾ ആയി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ ബ്ലാക്ക് സ്പോട്ടുകളിൽ വാഹനത്തിന്റെ വേഗത കുറച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായിട്ടാണ് റംപിൾ സ്ട്രിപ്പ് ( തെർമോ പ്ലാസ്റ്റിക് റോഡ് മാർക്കിംഗ് ഉപയോഗിച്ച്) ആ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ